**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 505** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൽക്കരി ക്ഷാമത്തെ തുടർന്നുണ്ടായ വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൽക്കരി ക്ഷാമത്തെ തുടർന്ന് രാജ്യത്തുണ്ടായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ജല വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ഉല്പാദനം വർദ്ധിപ്പിച്ച് കേന്ദ്ര പൂളിലേക്ക് നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിലെ ഊർജ്ജ വകുപ്പ് സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിയ്ക്ക് അയച്ച 14/10/2021-ലെ DO 15-27/27/2021 Hydel – II നമ്പർ കത്തിൽ രാജ്യത്തെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 31 വരെയുള്ള ദിവസങ്ങളിൽ off peak നേരങ്ങളിൽ ഇടുക്കി ഉൾപ്പെടെയുള്ള ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉല്പാദനം ഉയർത്തി പരമാവധി പിന്തുണ നൽകുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ. ബി.എൽ-ന് നൽകണമെന്ന് ആവശ്യ പ്പെട്ടിരുന്നു. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇക്കാര്യത്തിൽ താഴെപ്പറയും പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടുതൽ ജലവൈദ്യുതി ഉത്പാദിപ്പിക്കുന്നതിലേക്കായി ഇടുക്കി പദ്ധതിയിലെ ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റ പണികൾ നവംബർ മാസത്തേക്ക് മാറ്റി വെക്കുകയും മറ്റു നിലയങ്ങളിലെ ഉത്പാദനം പരമാവധി വർധിപ്പിക്കുകയും ചെയ്തു. ഇത് മൂലം സംസ്ഥാനത്തെ ജലവൈദ്യുതിയുടെ ഉത്പാദനം 23 ദശലക്ഷം യൂണിറ്റായിരുന്നത് 31.81 ദശലക്ഷം യൂണിറ്റായി വർധിച്ചിട്ടുണ്ട്. ഭാവിയിലും ഇത്തരം സന്ദർഭങ്ങളിൽ താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്താവുന്ന താണെന്നും അറിയിച്ചിട്ടുണ്ട് . 1. പീക്ക് സമയം ഒഴികെയുള്ള സമയങ്ങളിൽ 300 MW വരെ നൽകാം. 2. ആവശ്യകത അനുസരിച്ച് 100 മുതൽ 300 MW കൂടി വിവിധ സമയങ്ങളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകുന്നത് പരിഗണിക്ക ന്നതാണ്. ഇതിനു പകരമായി ഒക്ടോബർ, നവംബർ മാസങ്ങളിലെ പ്രവൃത്തി ദിവസങ്ങളിലെ പീക്ക് സമയത്തു 100 mw കേരളത്തിന് തരേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു കൊടുക്കൽ വാങ്ങൽ പ്രക്രിയ |

| | | | |
|---|---|---|---|
| | | | ഇപ്പോഴത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിനുതകുമെന്നു കരുതുന്നതായും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ